
Monthly Price: 4 Year: 2011

# பைபிள் ட்ரூத்



# THE BIBLE TRUTH

## മനുഷ്യന്റെ ആത്മാവിന്റെ വഴികൾ-സഭാപ്രസംഗി 12: 7

**നമ്മുടെ ആത്മാവ് ദൈവത്തിൽ നിന്നു വരുന്നു.**
**എബ്രായർ 12.9**

അവന്റെ രൂപത്തിൽ നമ്മുടെ ആത്മാവിനെ മെനഞ്ഞിരിക്കുന്നു-1കൊരിന്ത്യർ 15:49

ആദാമിൽനിന്നും എല്ലാവരും വന്നു-പ്രവൃത്തി.17:26
നാം അവനെ പോലെയാകുന്നു.

ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു-1കൊരിന്ത്യർ 13:11
ദൈവരാജ്യം അങ്ങനെയുള്ളവരുടേതല്ലോ.
ലൂക്കൊസ് 18:16.

ആത്മാവിന്റെ പക്വതാ നടപടി (മനസ്, ഹൃദയം, മനസാക്ഷി) ശരീരത്തിന്റേയും.

പാപം ആത്മീയ മരണത്തെ കൊണ്ടുവരുന്നു-
റോമർ 5:12

നന്മതിന്മകളെകുറിച്ചുള്ള അറിവു എല്ലാവരിലും ഉള്ളതുകൊണ്ട് നാമെല്ലാം പാപം ചെയ്യുന്നു- ഉല്പത്തി. 3:22; 1കൊരിന്ത്യർ 15:22; റോമർ 3:23

---

ഈ സമയത്ത് രണ്ട് പോയിന്റ്:

1. തിന്നുവാനും കുടിക്കുവാനും ആനന്ദിക്കുവാനും തുടങ്ങുന്നു 1കൊരിന്ത്യർ 15:32.

   മോശം

   ഫലം: റോമർ 1:18-22; എഫേസ്യർ 4:17-19. 1കൊരിന്ത്യർ 6:9,10
2. പ്രവൃത്തി 2:38; 1കൊരിന്ത്യർ 6:11

**പുതിയ ജനനം**
**1പത്രോസ് 1:22, 23**

ദൈവവചനം കേൾക്കുന്നു അത് വിശ്വസിക്കുന്നു
റോമർ 10:13-15

മാനസാന്തരപ്പെട്ട് പുതിയ നിയമത്തെ സ്വീകരിക്കുന്നു- പ്രവൃത്തി. 3:19; എബ്രായർ 8:10-12

യേശുവിനോടുചേരുവാൻ സ്നാനം ഏല്ക്കുന്നു- പ്രവൃത്തി. 8:34-39; റോമർ 6:5-11.

കഴുകുന്നു, വിശുദ്ധീകരിക്കുന്നു, നീതീകരിക്കപ്പെടുന്നു

# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000
**Published by Church of Christ**
**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 26** **November 2011** **No.8**

# എഡിറ്റോറിയൽ

ദൈവം സർവ്വ മനുഷ്യരിൽനിന്നും പ്രതീക്ഷിക്കുന്നത് എല്ലാവരും ദൈവത്തെയും അന്യോന്യവും സ്നേഹിക്കണമെന്നാണ്. എന്നാൽ സ്നേഹം നിർവ്യാജമായിരിക്കണം. സമൂഹത്തിൽ ഇന്ന് കാപട്യമാണ് അധികം പേരിലും ഉള്ളത്. എന്തുകൊണ്ടാണ് സത്യസന്ധതക്ക് പകരം ആളുകൾ കാപട്യമുള്ളവരാകുന്നത്? മനുഷ്യമനസ് മനുഷ്യർക്ക് ആർക്കും വായിക്കുവാൻ സാധ്യമല്ല. എന്നാൽ യേശുക്രിസ്തു മനുഷ്യ പുത്രനായി ഈ ലോകത്ത് വന്നപ്പോൾ കണ്ട കാഴ്ച്ച അതു തന്നെയായിരുന്നു. മതപരമായി ഉന്നതസ്ഥാനം അലങ്കരിച്ചിരുന്നവർ ദൈവത്തിൽനിന്നകന്നായിരുന്നു ജീവിച്ചിരുന്നത്. ദൈവകൽപനകൾക്ക് അവരുടെ ജീവിതത്തിൽ വലിയ സ്ഥാനമില്ലായിരുന്നു. അതേസമയം അവർ മനുഷ്യരുടെ സമ്പ്രദായങ്ങൾക്ക് മൂല്യം കൽപിക്കുകയും ചെയ്തു.

കപടവിശ്വാസികളെ കൊണ്ട് നിറഞ്ഞിരിക്കയാണ് ലോകം. വിശ്വാസികൾ എന്നു പറഞ്ഞുകൊണ്ട് അവിശ്വാസികൾ ചെയ്യുവാൻ അറെക്കുന്ന രീതിയിൽ സംസാരിക്കയും പെരുമാറുകയും പ്രവർത്തിക്കയും ചെയ്യുന്നു. പിന്നെ ഇവരെന്തിനാണ് വിശ്വാസികൾ എന്ന് അവകാശപ്പെടുന്നത്? അതാണ് സംശയം ജനിപ്പിക്കുന്നത്. അവർ തങ്ങളുടെ ലോകപ്രകാരമുള്ള ജീവിതത്തിന് വിശ്വാസജിവിതം ഒരു മറയാക്കിയിരിക്കുകയാണ്. അവർ നിമിത്തം ദൈവനാമം ദുഷിക്കപ്പെടുകയാണ്. വാസ്തവത്തിൽ ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് ഒരു നല്ല മനുഷ്യനായി എങ്ങനെ ജീവിക്കണമെന്ന് യേശു നമുക്ക് മാതൃക കാണിച്ചു തന്നിരിക്കയാണ്.

നാം മനുഷ്യരെ ആരെയും മാതൃകയാക്കരുത്. മറ്റുള്ളവർക്ക് ശരിയും തെറ്റും വേർതിരിച്ച് ബോധ്യമാക്കി കൊടുക്കുവാൻ ആവേശം കാണിക്കുന്നവർ സ്വന്തം കാര്യം വരുമ്പോൾ അത് സൗകര്യപൂർവ്വം മറന്നുകളയുന്നു. ആരെങ്കിലും അതു ചൂണ്ടിക്കാണിച്ചാൽ നിരവധി ന്യായീകരണങ്ങൾ അവർക്ക് നിരത്തുവാനുണ്ടാകും. അത് കാപട്യമല്ലെങ്കിൽ പിന്നെ എന്താണ്? സ്വാർത്ഥതയാണ് ഇതിന്റെ പിന്നിലുള്ളത്. എനിക്ക് ചെയ്യുവാൻ കഴിയാത്തത് ഞാൻ മറ്റുള്ളവരിൽ അടിച്ചേൽപിക്കുവാൻ ശ്രമിക്കരുത്. മറ്റൊരാളുടെ നന്മ ആഗ്രഹിക്കയും അതിനുവേണ്ടി ത്യാഗം അനുഭവിക്കുവാനും നാം തയ്യാറാകണം. സത്യസന്ധമായ സ്നേഹം ഹൃദയത്തിൽനിന്നാണ് വരേണ്ടത്. പുറമെ കാണിക്കുവാൻ വേണ്ടിയുള്ളതല്ല. നാം ദൈവത്തെ സ്നേഹിക്കുന്നതു ഹൃദയപൂർവ്വമായിരിക്കണം എന്ന കാര്യത്തിൽ ആരും എതിർക്കുകയില്ല. പക്ഷെ മനുഷ്യരെ നാം അങ്ങനെ തന്നെ സ്നേഹിക്കണം എന്നു പറയുന്നതിനോട് പലർക്കും വിയോജിപ്പാണുള്ളത്.

കടപ്പാടുകൊണ്ട് സ്നേഹിക്കുന്നവരുണ്ട്, കാര്യസാധ്യത്തിനായി സ്നേഹിക്കുന്നവരുണ്ട്. അല്ലെങ്കിൽ മനുഷ്യർ സ്നേഹിക്കുന്നത് പല ഉദ്ദേശങ്ങൾക്കാണ്. എന്നാൽ വാസ്തവത്തിലുള്ള സ്നേഹം നാം പഠിക്കേണ്ടത് ദൈവത്തിൽനിന്നാണ്. കാരണം ദൈവം സ്നേഹമാണ്. അവന്റെ സ്നേഹത്തിന് അളവില്ല, വികാരത്താൽ മാറി മറിയുന്ന ഒന്നല്ല ആ സ്നേഹം. സ്നേഹിക്കാത്തവൻ ദൈവത്തെ അറിയുന്നില്ല. വിശ്വാസിയാണെന്നു പറയുകയും സ്വന്ത സഹോദരനെ പകെക്കുകയും ചെയ്യുന്നവൻ വാസ്തവത്തിൽ കള്ളനാകുന്നു. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുള്ള ഒരു വാഞ്ഛ ദൈവത്തിൽനിന്നാണ് നമുക്ക് കിട്ടിയത്. അത് ദൈവത്തിനു പ്രസാദകരമായി നാം നിറവേറ്റണം. നമ്മുടെ സ്വന്തം നിലപാടുകളനുസരിച്ചല്ല നാം അത് അനുഷ്ഠിക്കേണ്ടത്. കാരണം സ്നേഹിക്കുക എന്നതു ദൈവകൽപനയാണ്. നമ്മളെല്ലാം ദൈവത്തെ പൂർണ്ണമായി സ്നേഹിക്കണം. മനുഷ്യരേയും നാം അവൻ കൽപിച്ചതുപോലെ സ്നേഹിക്കേണം.

✶

# ക്രിസ്തുവിന്റെ ഉപദേശം നിങ്ങൾക്ക് പ്രാധാന്യമുള്ളതോ?

## *J.C* ചോട്ട്

തിരഞ്ഞെടുക്കാവുന്ന ഒരു വസ്തുതയോ അഭിപ്രായമോ ആണ് ഉപദേശം എന്നാണ് അനേകം ആളുകൾ ധരിച്ചിട്ടുള്ളത്. ഉദ്ധരിക്കാവുന്നതും വാദിക്കാവുന്നതുമായി അതിനെ വീക്ഷിക്കുന്ന ആളുകളും ധാരാളമുണ്ട്. ഉപദേശം എന്നത് ക്രിസ്തുവിന്റെ പ്രബോധനമാകയാൽ ക്രിസ്ത്യാനികൾക്ക് അതിന് വളരെ പ്രാധാന്യമുണ്ട്. ബൈബിളിലെ തിരുവെഴുത്തുകളെ സംബന്ധിച്ച് ദൈവശ്വാസിയനായിരുന്ന അപ്പൊസ്തലൻ വ്യക്തമാക്കിയിട്ടുണ്ട്. "എല്ലാ തിരുവെഴുത്തും ദൈവശ്വാസിയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ച് തികഞ്ഞവനാകേണ്ടതിന്ന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും പ്രയോജനമുള്ളതത്രെ"(2തിമൊഥെയൊസ് 3:16, 17). ക്രിസ്തുവിന്റെ ഉപദേശത്തെ നിങ്ങൾ പ്രാധാന്യമുള്ളതായി കാണുന്നുണ്ടോ?

ക്രിസ്തുവിന്റെ ഉപദേശം അവന്റേതായിരുന്നില്ല, ദൈവത്തിന്റേതായിരുന്നു. അതുകൊണ്ട് അതിന്റേതായ പ്രാധാന്യത്തോടെ ആണ് അവൻ ഉപദേശിച്ചത്. തെറ്റായ വിശ്വാസങ്ങൾ മനുഷ്യരെ ദൈവത്തോട് അടുപ്പിക്കുകയല്ല, ദൈവത്തിൽനിന്നകറ്റുകയാണ് ചെയ്യുന്നത്. ഉദാഹരണത്തിന്, യേശു തന്റെ ശുശ്രൂഷയുമായി വന്ന സന്ദർഭത്തിൽ പുനരുത്ഥാനമില്ലെന്ന് വിശ്വസിച്ചിരുന്ന സദൂക്യരുണ്ടായിരുന്നു. മരിച്ചവരെ ഉയർപ്പിച്ചുകൊണ്ട് ശരിയായ വിശ്വാസത്തിന് വേണ്ട തെളിവുകൾ അവൻ പ്രദാനം ചെയ്തു. സദൂക്യരുടെ തെറ്റായ വിശ്വാസത്തെ പിഴുതെറിയുന്ന അവന്റെ ഉപദേശം കേട്ട് ആളുകൾ വിസ്മയിച്ചുപോയി(മത്തായി 22:33). ശബ്ബത്തിൽ യെഹൂദന്മാരുടെ പള്ളിയിൽ ചെന്ന് ഉപദേശിച്ച യേശുവിന്റെ ഉപദേശത്തെ ആളുകൾ വിലമതിച്ചു. ശാസ്ത്രിമാരെ പോലെ ആയിരുന്നില്ല, അധികാരമുള്ളവനെ പോലെ ആയിരുന്നു അവന്റെ ഉപദേശം. അതുകൊണ്ട് അവന്റെ ഉപദേശത്തിൽ ആളുകൾ അതിശയിച്ചു(മർക്കൊസ് 1:21, 22).

മതപരമായ കാര്യങ്ങളിലെല്ലാം നമുക്ക് ക്രിസ്തുവിന്റെ ഉപദേശമാണ് ആവശ്യം. ഉയർത്തെഴുന്നേറ്റ ക്രിസ്തു തന്റെ ശിഷ്യന്മാരുടെ അടുക്കൽ വന്ന്, "സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു" എന്നു പറഞ്ഞു. യേശുവിന്റെ അധികാരം മനുഷ്യർക്ക് ആർക്കും ഇല്ല. അതുകൊണ്ടുകൂടെ ക്രിസ്തുവിന്റെ ഉപദേശത്തിന്റെ പ്രസക്തി ഏറുന്നു. ക്രിസ്തുവിന്റെ ഉപദേശമാണ് ആളുകളെ ആത്മിയമായി ജീവിപ്പിക്കുന്നത്. അവൻ തിരഞ്ഞെടുത്ത് പരിശീലിപ്പിച്ച അപ്പൊസ്തലന്മാർക്കും ആദ്യക്രിസ്ത്യാനികൾക്കും കർത്താവിന്റെ ഉപദേശം വിലപ്പെട്ടതായിരുന്നു. ക്രിസ്തുവിന്റെ ഉപദേശം അനുസരിച്ച് ആദ്യസുവിശേഷം പത്രൊസ് പ്രസംഗിച്ചപ്പോൾ വിശ്വസിച്ച മൂവായിരം പേർ അന്ന് സ്നാനം ഏറ്റു. അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു.

പുതിയ നിയമം ക്രിസ്തു മുഖാന്തരമാണ് നൽകപ്പെട്ടത്. യെഹൂദന്മാർക്ക് കൊടുത്ത പഴയനിയമത്തേക്കാൾ ശ്രേഷ്ഠമാണ് ക്രിസ്തുവിന്റെ പുതിയനിയമം. ആ പുതിയനിയമത്തിന്റെ ഭാഗമാണ് അവന്റെ ഉപദേശം. ഒരിക്കൽ പാപത്തിന്റെ ദാസന്മാരായിരുന്നവർക്ക് അതിൽനിന്ന് മോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അത്യന്താപേക്ഷിതമാണ്. കാരണം ക്രിസ്തു തന്നെ പറഞ്ഞത്, സത്യം നിങ്ങൾ അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും എന്നാണ്. അവന്റെ ഉപദേശം സത്യമാണ്. മനുഷ്യരുടെ ഉപദേശം വ്യർത്ഥമാണ്, എന്നാൽ ക്രിസ്തുവിന്റെ ഉപദേശമാണ് നമ്മെ പാപത്തിൽനിന്ന് മോചിപ്പിക്കുന്നത്(റോമർ 6:17, 18). ഓരോ വ്യക്തിയും സ്വീകരിച്ചിരിക്കുന്ന വിശ്വാസത്തിന്റെ അടിസ്ഥാനം വചനമാണോ എന്ന് പരിശോധിക്കണം(1തിമൊഥെയൊസ് 4:13-16).

ഒരാൾ ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ അതിർകടന്നുപോയാൽ അവന് ദൈവമില്ല(2യോഹന്നാൻ 9, 10). അതുകൊണ്ട് ക്രിസ്തുവിന്റെ ഉപദേശത്തെ നിസാരമായി കാണാവുന്നതല്ല. നിർഭാഗ്യവശാൽ അസംഖ്യം ആളുകൾ ക്രിസ്തുവിന്റെ ഉപദേശത്തെ അത്ര ഗൗരവമായി എടുക്കുന്നില്ല. അതിനോട് മാനുഷകൽപനകൾ കൂട്ടുന്നുണ്ട്. അവർക്ക് താൽപര്യമില്ലാത്ത ചില ഉപ

ദേശങ്ങളെ എടുക്കാതിരിക്കയും ചെയ്യുന്നുണ്ട്. ഇന്ന് ദൈവത്തിന്റെ ശക്തി അടങ്ങിയിരിക്കുന്നത് സുവിശേഷത്തിലാണ്. അതുകൊണ്ട് സുവിശേഷത്തിന്റെ മഹത്വം വളരെ വലുതാണ്. ക്രിസ്തുവിന്റെ ഉപദേശത്തിന്റെ ഭാഗം തന്നെയാണ് സുവിശേഷം. സുവിശേഷം എല്ലാ മനുശഷ്യരും അനുസരിക്കേണ്ടതാണ്. സുവിശേഷം അനുസരിക്കാത്തവർക്ക് ശിക്ഷയാണുള്ളത്. ചില ആളുകൾ കർത്താവിന്റെ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറ് സ്വന്തമോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിന് ചെവി കൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരിയുകയും ചെയ്യുന്ന കാലം വരും എന്ന് ആത്മാവ് മുന്നറിയിച്ചിരിക്കുന്നു.

ക്രിസ്തുവിന്റെ വാക്കുകളെ നാം ഒരിക്കലും അവഗണിക്കയോ തള്ളിക്കളയുകയോ ചെയ്യരുത്. കാരണം അതേ വചനമാണ് അന്ത്യനാളിൽ നമ്മെ ന്യായം വിധിക്കുന്നത്(യോഹന്നാൻ 12:48). ന്യായവിധി ഒഴിഞ്ഞു മാറുവാൻ ആർക്കും സാധ്യമല്ല. പുതിയനിയമോപദേശത്തിന് പകരമായി മറ്റൊന്നില്ല. അതിൽ നിറഞ്ഞിരിക്കുന്നത് ദൈവേഷ്ടമാണ്. ദൈവേഷ്ടം ചെയ്യുന്നവൻ എന്നേക്കും ജീവിക്കും. ക്രിസ്തുവിന്റെ ഉപദേശം ക്രിസ്ത്യാനികൾക്ക് മാത്രമുള്ളതല്ല, സകല ജാതികൾക്കും ദേശക്കാർക്കും ഭാഷക്കാർക്കുമുള്ളതാണ്. അതുകൊണ്ടാണ് കർത്താവ് തന്റെ ശിഷ്യന്മാരോട് താൻ കൽപിച്ചതൊക്കെയും പ്രമാണിപ്പാൻതക്കവണ്ണം സകല ജാതികളെയും ഉപദേശിച്ച് ശിഷ്യരാക്കുവാൻ കൽപിച്ചത്.

ഇന്നു ഭൂമിയിൽ ജീവിക്കുന്ന ഏതൊരാൾക്കും ക്രിസ്തുവിന്റെ രക്ഷ ആവശ്യമാണ്. ക്രിസ്തുവിന്റെ ഉപദേശം അവനെ അനുസരിക്കുന്നവർക്കുള്ളതാണ്. അതുകൊണ്ട് എനിക്ക് ക്രിസ്തുവിന്റെ ഉപദേശം ആവശ്യമില്ല എന്ന് ആർക്കും പറയാവുന്നതല്ല. അതുകൊണ്ട് മനുഷ്യരുടെ ചതിയിലും കെണിയിലും നാം അകപ്പെടരുത്. നമ്മോടുള്ള പ്രബോധനം എന്തെന്നാൽ നമ്മെ രക്ഷിക്കുന്നതും നിലനിർത്തുന്നതുമായ വചനത്തെ നാം സൗമ്യതയോടെ കൈക്കൊള്ളുകയാണ് വേണ്ടത്. നിങ്ങൾ കർത്താവിന്റെ ഉപദേശമനുസരിച്ച് രക്ഷ പ്രാപിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ അതനുസരിച്ച് രക്ഷ പ്രാപിക്കുക. നീട്ടിവെച്ച് ആത്മാവിനെ നഷ്ടമാക്കരുത്.

# സംശയിക്കുന്ന തോമസും അവന്റെ വിശ്വാസവും

## റ്റി.പി. ബ്രൗൺ

വിശ്വാസത്തിന് എതിരാണ് സംശയം. അതേസമയത്ത് സംശയനിവാരണം ആവശ്യവുമാണ്. തോമസ് യേശുവിന്റെ ശിഷ്യനായിരുന്നു. എന്നാൽ അവൻ തന്റെ നിലപാട് വ്യക്തമാക്കി. തോമസിന്റെ വിശ്വാസത്തോട് ആളുകൾ വേണ്ടത്ര നീതി പുലർത്തിയിട്ടുണ്ടോ എന്ന കാര്യത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതാണ്. മറ്റുള്ള അപ്പൊസ്തലന്മാരേക്കാൾ തന്റെ പദവിയിൽനിന്നുകൊണ്ട് ഈ സാമാന്യസംശയം ഉദിച്ചു എന്നതിന് ചെറിയ കാരണം എടുത്ത് കാണിക്കുവാനായിട്ടുണ്ട്. യേശുക്രിസ്തു ഉയർത്തെഴുന്നേറ്റു എന്ന് മറ്റു അപ്പൊസ്തലന്മാർ ആദ്യം കേട്ടപ്പോൾ വിശ്വസിച്ചില്ല എന്ന് മർക്കൊസ് 16:11 14; ലൂക്കൊസ് 24:11-41 വരെയുള്ള വേദഭാഗങ്ങൾ വായിച്ചാൽ നമുക്ക് മനസിലാകും.

അത്ഭുതകരവും ലൗകികവുമായ ചില അസാധാരണകാര്യങ്ങൾ കേൾക്കുമ്പോൾ സംശയിക്കുന്നത് സ്വാഭാവികമാണ്. തോമസിന്റെ സംശയത്തെ ആഴമായി പ്രതിപാദിക്കുവാനല്ല ഞാൻ ഈ ലേഖനത്തിൽ ഉദ്യമിക്കുന്നത്. എങ്കിലും അതിൽ ഉൾക്കൊണ്ടിരിക്കുന്ന ചില വിശേഷതയെ കണ്ടെത്തുകയാണ് ചെയ്യുന്നത്. പരിഗണിക്കേണ്ട മതിയായ തെളിവുകൾ ലഭിച്ചപ്പോൾ അവൻ വിശ്വസിക്കുവാൻ തയ്യാറായി. പലരും തങ്ങളുടെ ബുദ്ധിയിൽ വിശ്വസിക്കാത്തത് പ്രചരിപ്പിക്കുവാൻ ശ്രമിക്കും. അതുകൊണ്ട് അവർ ജീവിതത്തിൽ പരാജയപ്പെടും. പക്ഷെ തോമസ്, താൻ ഉദ്ദേശിച്ച തെളിവുകൾ കിട്ടിയപ്പോൾ അവൻ ഉരുണ്ടുകളിച്ചില്ല. വേറെ തെളിവുകൾ ആവശ്യപ്പെട്ടുമില്ല. അവന്റെ വിശ്വാസത്തെ അവൻ പരസ്യമായി ഏറ്റു പറയുകയും ചെയ്തു. അത് ഏറ്റവും നല്ല സ്വഭാവമായും വിശ്വാസത്തിന്റെ അനന്തരനടപടിയുമായി കാണാവുന്നതാണ്.

വിശ്വാസത്തിന്റെ അടിസ്ഥാനം, സ്വഭാവം, ലക്ഷ്യം എന്നിവയിന്മേൽ ചില നിർദ്ദേശങ്ങൾ സംയോജിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കർത്താവിന്റെ സഭയിലുള്ള നമ്മിൽ ഭൂരിഭാഗം പേരും, വിശ്വാസം

എന്ന ബൈബിൾ സത്യത്തെ ഊന്നി പറയുന്നുണ്ട്. കർത്താവ് പറഞ്ഞു: നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു: കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ (യോഹന്നാൻ 20:29). കാഴ്ച്ചയാലല്ല, വിശ്വാസത്താലത്രെ നാം നടക്കുന്നതു എന്നതു ഇതുമായി പരസ്പരവിരുദ്ധമല്ല.

ഒരു വസ്തുവിൽ നമുക്ക് ഉണ്ടാകുന്ന പ്രത്യേക വിശ്വാസവും പൊതുവായ വിശ്വാസവും തമ്മിലുള്ള അന്തരത്തെ നാം വല്ലപ്പോഴും പ്രാധാന്യം കൊടുത്ത് സംസാരിക്കാറുണ്ട്. അതേസമയം അത് ഒരു ബൈബിൾ സത്യവുമാണ്. ഉദാഹരണമായി യേശു ഈ ഭൂമിയിൽ ജീവിച്ച കാലഘട്ടത്തിലാണ് നാം ജീവിക്കുന്നതെന്ന് വിചാരിക്കുക. അവൻ രോഗികളെ സൗഖ്യമാക്കുന്നതും അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുന്നത് നാം കണ്ടിട്ടുണ്ട് എന്നും കരുതുക. അന്ന് ആരെങ്കിലും നിങ്ങൾ യേശു ദൈവപുത്രനാണോ എന്ന് വിശ്വസിക്കുന്നുണ്ടോ എന്നു ചോദിച്ചാൽ വിശ്വസിക്കുന്നു എന്നു പറയും. ആ പ്രത്യേകസാഹചര്യത്തിൽ വചനം കേട്ടിട്ടല്ല, മറിച്ച് ചില പ്രവൃത്തികൾ അവൻ ചെയ്യുന്നതു കണ്ടതുകൊണ്ടാണ് നിങ്ങൾക്ക് വിശ്വാസം വന്നത്.

എന്നാൽ ഈ കാലഘട്ടത്തിൽ ജീവിക്കുന്നവർക്ക് അന്നത്തെ ദൃക്സാക്ഷികൾ എഴുതിയിരിക്കുന്നത് വായിക്കുകയോ വായിച്ച് കേൾക്കുകയോ ചെയ്തിട്ടാണ് വിശ്വാസം ഉണ്ടാകുന്നത്. ദൈവവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വസ്തുതകൾ നാം കണ്ടിട്ടില്ല. എങ്കിലും വിശ്വസിക്കേണ്ടതിന് ദൃഷ്ടാന്തമായി നമുക്ക് വരച്ചുകാണിച്ചിരിക്കുകയാണ്. പൊതുവായി എല്ലാവരും വിശ്വസിക്കേണ്ടതിനാണ് തിരുവെഴുത്തുകൾ ദൈവശ്വാസിയമായി എഴുതിയിരിക്കുന്നത്. നാം യാതൊന്നിലും സംശയം വെച്ചുപുലർത്താതിരിക്കേണ്ടതിനാണ് അങ്ങനെ ചെയ്തിരിക്കുന്നത്. എത്ര വിശ്വസനീയ തെളിവുകൾ നൽകിയാലും വിശ്വസിക്കാത്ത ആളുകളുണ്ട്.

ദൈവത്തിന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോക സൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു; അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിനു തന്നേ. അവർ ദൈവത്തെ അറിഞ്ഞിട്ടും ദൈവമെന്നു ഓർത്തു മഹത്വീകരിക്കയോ നന്ദികാണിക്കയോ ചെയ്യാതെ

തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിതീർന്നു. അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി (റോമർ 1:20–21). അവിശ്വാസിക്കു യാതൊരു ഒഴിവുകഴിവുമില്ല. അവൻ ദൈവവചനം കേൾക്കാത്തതുകൊണ്ടല്ല. ദൈവം കാണിച്ചുകൊടുത്ത ദൃശ്യങ്ങൾ അവൻ വിശ്വസിച്ചില്ല. അവൻ കണ്ടതായ കാര്യങ്ങൾ ആത്മാർത്ഥത പുലർത്തിയില്ല. വാസ്തവത്തിൽ ദൈവത്തിലുള്ള വിശ്വാസം രണ്ടു രീതിയിലാണ് മനുഷ്യരിൽ വരുന്നതു. പ്രകൃതി ലക്ഷണങ്ങൾ കണ്ടുകൊണ്ടും ദൈവവചന കേൾവികൊണ്ടും ചില പ്രത്യേക പ്രസ്താവനകൾ ദൈവ വചനം വായിക്കുകയോ കേൾക്കുകയോ ചെയ്യുന്നതുകൊണ്ട് ഉണ്ടാകുന്നതാണ്. ഉദാഹരണമായി വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നതും പ്രകൃതിയിൽ നോക്കി വിശ്വസിക്കാവുന്നതല്ല. അതു ദൈവ വചനത്തിൽ നിന്നു മാത്രം ലഭിക്കുന്നതാണ്.

ഒരു വ്യക്തിയിലും അവന്റെ പ്രസ്താവനയിലും വിശ്വാസവും ഉണ്ടാകുന്നതിനപ്പുറമായി നാം ചിലതു ചെയ്യേണ്ടതാണെന്ന് വിർദ്ദേശിക്കുക കൂടെ ഞാൻ ഈ ലേഖനത്തിൽ ചെയ്തിട്ടുണ്ട്. ക്രിസ്തുവിൽ നാം വിശ്വാസമർപ്പിക്കുമ്പോൾ അദ്ദേഹത്തിൽ നമ്മുടെ ജീവിതം മുഴുവൻ ആശ്രയിപ്പാൻ സമർപ്പിക്കണം. അവൻ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു എന്ന വിശ്വാസത്തോടൊപ്പം അവന്റെ ഉപദേശങ്ങൾ അനുസരിക്കേണ്ടതു അനിവാര്യമെന്നും പരിശോധിച്ച് മനസിലാക്കേണ്ടതുണ്ട്. അത്കൊണ്ട് താഴെ പറയുന്ന കാര്യങ്ങൾ തിരിച്ചറിയേണ്ടതാണ്, ഒരു വ്യക്തിയിൽ, വസ്തുതയിൽ വിശ്വസിക്കുക എന്നതും ആശ്രയിക്കുക എന്നതും രണ്ടും രണ്ടാണ്. അടുത്തതായി വിശ്വാസം കാഴ്ചയാലും ദൈവവചനകേൾവിയാലും വരുന്നു (യോഹന്നാൻ 20:31; റോമർ 10:17). വെറും തോന്നലുളവാക്കുന്ന പ്രതീതിയല്ല വിശ്വാസത്തിൽ ഉള്ളതു. സംശയദൂരീകരണം വരുത്തുന്ന ഒന്നാണ് വിശ്വാസം. പൊതുവായുള്ള വിശ്വാസവും പ്രത്യേകമായുള്ള വിശ്വാസവും ഉണ്ട് എന്ന കാര്യവും നാം മറക്കരുത്.

കടുകുമണിയോളം വിശ്വാസം ഉണ്ടെങ്കിൽ മലയോടു നീങ്ങി കടലിൽ പോകുവാൻ പറഞ്ഞാൽ അതു സംഭവിക്കും എന്ന കർത്താവിന്റെ പ്രസ്താവന എത്ര അന്വർത്ഥമാണ് . കടുകുമണിയിൽ അൽപം പോലും സ്ഥലം ഒഴിവില്ലാതെ പുർണ്ണമായി പരിപ്പ് നിറഞ്ഞു

നിൽക്കുന്നു. നമ്മുടെ വിശ്വാസത്തിനു ഒട്ടും വിടവ് വരാൻ പാടില്ല. ഹൃദയത്തിൽ വിശ്വാസം നിറഞ്ഞിരിക്കണം. വിശ്വാസമില്ലാതെ നമ്മുടെ ഹൃദയത്തിൽ എന്തെങ്കിലും അവശേഷിച്ചാൽ അതു പാപമായി പരിണമിക്കും. അപ്പോൾ നമ്മുടെ പ്രാർത്ഥനക്കു ദൈവം ചെവി കൊടുക്കയില്ല. ശക്തമായ ക്രിസ്തീയ ജീവിതത്തിനു മറ്റൊന്നുകൊണ്ടും ചലിക്കാത്ത വിശ്വാസം ആവശ്യമാണ്. മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാൻ തക്ക ഉറപ്പു നമ്മിൽ ഉണ്ടാവുകയും വേണം.

തെളിവുകൾ ഏതൊരു കാര്യത്തിലും പരിശോധിക്കുന്നതു തെറ്റല്ല. അതു ഉറപ്പു വരുത്തുവാൻ ഉതകുന്നതാണ്. തോമസ് തന്റെ മനസിലുള്ള അഭിലാഷം വ്യക്തമാക്കുകയാണ് ചെയ്തതു. സംശയം വെച്ചുകൊണ്ടിരിക്കാതെ പൂർണ്ണമായി വിശ്വസിക്കുവാൻ കഴിവുള്ളവരായിരിക്കണം നാം. നിങ്ങൾ എങ്ങനെയുള്ള വ്യക്തിയാണ്? സംശയാലുവാണോ? അതു നിവാരണം നടത്തുവാൻ തയ്യാറാണോ? വചനം പരിശോധിച്ച് വിശ്വാസം പൂർണ്ണമാക്കുക.

✶

# സാത്താനെ അതിജീവിക്കൽ

## സിസിൽ. എം.ജെ

"ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ ആധിപത്യവും തുടങ്ങിയിരിക്കുന്നു. നമ്മുടെ സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദിയെ തള്ളിയിട്ടുകളഞ്ഞുവല്ലോ. അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു; മരണ പര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല. ആകയാൽ സ്വർഗ്ഗവും അതിൽ വസിക്കുന്നവരുമായുള്ളോരേ, ആനന്ദിപ്പിൻ; ഭൂമിക്കും സമുദ്രത്തിനും അയ്യോ കഷ്ടം; പിശാച് തനിക്കു അല്പകാലമേയുള്ളു എന്നു അറിഞ്ഞു മഹാ ക്രോധത്തോടെ നിങ്ങളുടെ അടുക്കൽ ഇറങ്ങി വന്നിരിക്കുന്നു" (വെളി. 12:10-12).

മൂന്നു കാര്യങ്ങളാൽ സാത്താനെ അതിജീവിച്ച് തള്ളിക്കളഞ്ഞു.

കുഞ്ഞാടിന്റെ രക്തം. സാത്താന്റെ മേലുള്ള ജയം മുൻനിശ്ചയിച്ചുറപ്പിച്ചതായ ഒരു സംഭവമായിരുന്നു. ആയിരമാണ്ടു വാഴ്ച്ചക്കാർ പറയുന്നതുപോലെ അർമ്മഗദോന്റെ പ്രാകൃത യുദ്ധവും രക്തപ്പുഴയും ഒന്നുമല്ല ഇതു. ക്രിസ്തുവിന്റെ പ്രായശ്ചിത്തമരണത്തിൽ തന്റെ സ്വന്തരക്തം ചിന്തിയതിലൂടെയാണ് സാത്താനെ ജയിച്ചതു. സാത്താനെ കീഴ്പ്പെടുത്തുവാൻ പാപരഹിതമായ മരണം സാദ്ധ്യമാക്കിയതു യേശുക്രിസ്തുവായിരുന്നു.

അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ വെച്ചു നടുവിൽ നിന്നു നീക്കിക്കളഞ്ഞു; വാഴ്ച്ചകളെയും അധികാരങ്ങളേയും ആയുധവർഗ്ഗം വെച്ചിട്ടു ക്രൂശിൽ അവരുടെ മേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ച്ചയാക്കി (കൊലൊ. 2:14-15). തന്റെ മരണത്താൽ പിശാചിനെ നശിപ്പിക്കേണ്ടതിന്നത്രേ അവൻ ജഡവും രക്തവും സ്വീകരിച്ചതു (എബ്രായർ 2:14). സാത്താന്റെ ശക്തി പാപത്തിലും അതിലൂടെ മനുഷ്യരെ അടിമകളാക്കി മരിപ്പിക്കുന്നതിലും ആണ്. എന്നാൽ യേശുക്രിസ്തുവിൽ പാപമോചനമെന്ന വീണ്ടെടുപ്പ് അവന്റെ രക്തം മൂലം നമുക്ക് ഒരുക്കിതീർത്തു. അതു നമ്മെ പാപരഹിതവും സാത്താന്റെ കീഴിൽ നിന്നു സ്വതന്ത്രുവുമായ ഒരു ജീവിതം നല്കുന്നു.

അവരുടെ സാക്ഷ്യ വചനം. "ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡീകങ്ങളല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവതന്നേ. അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞു ഏതു വിചാരത്തെയും ക്രിസതുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കി" (2കൊരിന്ത്യർ 10:). ജഡം ആത്മാവിനു വിരോധമാണ്; ജഡം പ്രാകൃതമാണ്. പഴയ നിയമത്തിൽ യെശയ്യാവ് പറയുന്നതു ഇതിനോട് യോജിക്കുന്നു. "മിസ്രയീമ്യർ ദൈവമല്ല, മനുഷ്യരത്രേ, അവരുടെ കുതിരകൾ ആത്മാവല്ല, ജഡമത്രേ; യഹോവ തന്റെ കൈ നീട്ടുമ്പോൾ സഹായിക്കുന്നവൻ ഇടറുകയും സഹായിക്കപ്പെടുന്നവൻ വീഴുകയും അവരെല്ലാവരും ഒരുപോലെ നശിച്ചു പോകയും ചെയ്യും (യെശയ്യാവ് 31:8). ആത്മാവിന്റെ ആയുധങ്ങളോ വീര്യമുള്ളതും ആത്മാവിന്റെ വാളായ ദൈവവച

നമാണ് അതിശക്തിയായയതു (എഫെസ്യർ 6:17 വിശ്വസിക്കുന്ന ഏവർക്കും രക്ഷക്കായുള്ള ദൈവശക്തിയാണ് സുവിശേഷം റോമർ 1:16).

ജീവനും ചൈതന്യവും ശക്തിയുമുള്ള ഇരു വായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയേറിയതാണ് ദൈവവചനം (എബ്രായർ 4:12). മൂന്നു തിരുവെഴുത്തു ഭാഗങ്ങളാലാണ് യേശുക്രിസ്തു സാത്താനെ തോൽപിച്ചത്. അടിമകൾ സ്വാതന്ത്ര്യത്തിലേക്കു തിരിയുന്നതു സത്യം അറിയുന്നതുകൊണ്ടാണ് (യോഹന്നാൻ 8:32). നമ്മുടെ ആത്മാക്കളെ രക്ഷിപ്പാൻ ഉൾനട്ടതു വചനമാണ് (യാക്കോബ് 1:21). സുവിശേഷമെന്ന ദൈവവചനത്തിനു മുന്നിൽ നിൽപാൻ പിശാചിനു ഇപ്പോഴും കഴിയുകയില്ല. കാരണം ഇന്നും ദൈവശക്തി അടങ്ങുന്ന ഒന്നാണ് തിരുവെഴുത്ത്.

അവർ മരണത്തിനായി തങ്ങളുടെ ജീവിതങ്ങളെ സ്നേഹിച്ചില്ല. സാത്താനെ അതിജീവിക്കാൻ പ്രാപ്തമായ മൂന്നാമത്തെ ഘടകം പ്രാരംഭ ക്രിസ്ത്യാനികളിൽ നാം ദർശിക്കുന്നതു എങ്ങനെയെന്നു നോക്കാം.അവരുടെ വിശ്വാസം പ്രസംഗിക്കുമ്പോഴും ക്രിസ്തുവിനെ പിൻപറ്റുമ്പോഴും ക്രിസ്തുവിനോടുള്ള അവരുടെ സമർപ്പണവും തങ്ങളുടെ പ്രാണനെ വിലമതിക്കാതെയുള്ള അർപ്പണബോധവും ശക്തമായ ഒരു ചെറുത്തുനിൽപ്പും അവരിൽ ഉണ്ടായിരുന്നു. വെള്ള നിലയങ്കിധരിച്ച എണ്ണിക്കൂടാത്ത പുരുഷാരത്തെ യോഹന്നാനു പത്മൊസ് ദ്വീപിൽ വെച്ച് ദൈവം കാണിച്ചുകൊടുത്തു അവർ തങ്ങളുടെ അങ്കി കുഞ്ഞാടിന്റെ രക്തത്താൽ അലക്കി വെളിപ്പിച്ചവരാകുന്നു (വെളി. 7:14). വീണ്ടും യോഹന്നാൻ കുറെ ആത്മാക്കളെ അവിടെ കാണുന്നുണ്ട്. അവരെക്കുറിച്ച് പറയുന്നതു ശ്രദ്ധിക്കു. "ഞാൻ ന്യായാസനങ്ങളെ കണ്ടു; അവയിൽ ഇരിക്കുന്നവർക്ക് ന്യായവിധിയുടെ അധികാരം കൊടുത്തു. യേശുവിന്റെ സാക്ഷ്യവും അവന്റെ വചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തേയോ അതിന്റെ പ്രതിമയേയോ നമസ്കരിക്കാതിരിക്കുന്നവരും നെറ്റിയിലും കൈമേലും അവന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുടെ ആത്മാക്കളേയും ഞാൻ കണ്ടു (വെളിപ്പാട്. 20:4).

ആദ്യം ദൈവത്തിന്റെ രാജ്യം അന്വേഷിക്കുക. ഉയരത്തിലുള്ളവ മാത്രം ചിന്തിക്കുക. ഭൂമിയുള്ളവയെക്കുറിച്ചുള്ള ചിന്തകൾ വിട്ടു കള

യുക. സാത്താനെ അതിജീവിക്കുവാൻ മുൻഗണന നല്കേണ്ട കാര്യ ങ്ങൾ വിട്ടു കളയുന്നതാണ് ഇന്നത്തെ ക്രിസ്ത്യാനിയുടെ പരാജയ കാരണം പാപം കഴുകികളവാൻ പൂർണവും പര്യാപ്തവുമായ ഒന്നാണ് ക്രിസ്തുവിന്റെ രക്തം. ദുഷ്ടതയുടെ കരാളഹസ്തത്തെ തട്ടിത്തെറിപ്പിക്കാൻ കഴിവുറ്റ ശക്തമായ ഒന്നാണ് ഇന്നും ദൈവ വചനം. നമുക്ക് ആ അർപ്പണബോധമുണ്ടോ? മരണത്തിനായി അവർ തങ്ങളുടെ ജീവനെ കൊടുത്തില്ല എന്നു നമ്മെക്കുറിച്ചു പറവാൻ നാം ആഗ്രഹിക്കുന്നുണ്ടോ?

★

സ്ത്രീകൾക്കു വേണ്ടി

# ലോകത്തെ രൂപപ്പെടുത്തലിൽ

**ബെറ്റി ബി.സി.**

ലോകത്തിൽ കാണുന്ന പ്രശ്നങ്ങളിലേക്ക് എന്റെ ചെറുപ്പകാലത്തു ഒരെത്തിനോട്ടം നടത്തിയിരുന്നു. ഞാൻ സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ ലോകത്തിലേക്കു എന്തെല്ലാം കഷ്ടതകളും ദുരിതങ്ങളും വേദനയോടു കൂടിയ ഗർഭധാരണവും ഒക്കെയാണ് കൊണ്ടു വന്നതെന്നു ഹവ്വയോടു ചോദിക്കണമെന്നു വിചാരിച്ചിരുന്നു. കാരണം അവളുടെ അനുസരണക്കേടാണല്ലോ ഇതിനൊക്കെ വഴിയൊരുക്കിയത്. ഇതിനെല്ലാം അവളോടു പരാതിപ്പെടണമെന്നു ഞങ്ങൾക്ക് തോന്നിയിരുന്നു. ആദ്യപാപത്തിന്റെ അനന്തരഫലമായിരുന്നല്ലോ പ്രകൃതിയോടു മല്ലിടൽ, വേദനയോടു കൂടിയ ഗർഭധാരണം, പ്രായമാകുമ്പോൾ ഉണ്ടാകുന്ന വേദന, നാശകരമായ മരണം എന്നിവ. ഒരു വ്യക്തി ചെയ്ത അപരാധഫലം നമ്മെ വേദനിപ്പിക്കുമ്പോൾ നമുക്കു ആ വ്യക്തിയോടു മുഷിപ്പുണ്ടാകും.

പക്ഷെ വാസ്തവത്തിലുള്ള എന്റെ ജിജ്ഞാസുവായ ചിന്ത ഹവ്വയിൽ ദയവോടുകൂടി ഉണരാൻ തുടങ്ങി. അവൾ ഒരു പക്ഷെ വളരെക്കാലം ജീവിച്ചുകാണും. ആദാമിന്റെ ആയുഷ്കാലം ആകെ 930

വർഷമായിരുന്നു. അതിനുശേഷം അവൻ മരിച്ചു. ആ തെറ്റായ തിരഞ്ഞെടുപ്പിന്റെ അനന്തര ഫലവുമായി അവൾ എത്ര എത്ര വർഷം കഴിഞ്ഞിരിക്കും! ആ തോട്ടത്തിൽ നിന്നു ആദാമിനേയും ഹവ്വയേയും പുറത്താക്കി ദൂതനെ ജ്വലിക്കുന്ന വാളുമായി വഴിയിൽ കാവലും നിർത്തിയപ്പോൾ അവർക്കു അവരുടെ ഭവനം നഷ്ടമായപ്പോൾ ഹവ്വക്കു എന്തു തോന്നിയിരിക്കും! വയലിൽ ചുറ്റും തിങ്ങിനിറഞ്ഞ കാടും വനവും മുള്ളും പറക്കാരയും വളർന്നു നിൽക്കുന്നു. ഇതെല്ലാം കണ്ടുകൊണ്ട് ഹവ്വ ഹൃദയത്തിൽ കരഞ്ഞു പ്രതിവചിച്ചു കാണും. "ഞാൻ ഭൂമിയോടു ഇങ്ങനെ ചെയ്തല്ലോ" "ഇതെല്ലാം എന്റെ അവിവേകത്തിന്റെ പരിണിത ഫലമല്ലേ" എന്നെല്ലാം അവളുടെ മനസിൽ കൂടെ ചിന്തയായി രൂപം കൊണ്ടുകാണും.

വന്യമൃഗങ്ങളേയും ജന്തുക്കളേയും ഭയന്ന് അവർ ഓടിയപ്പോൾ അവർ ക്രൂരവും അപകടകരവുമായ സാഹചര്യത്തിലായപ്പോൾ, അവർ തന്നെത്താൻ ഞാനാണല്ലൊ ഇതിനു ഉത്തരവാദി എന്നു പറഞ്ഞുകാണും. രാത്രികളിൽ ഭയപ്പാട് നിമിത്തം ഉറങ്ങാൻ പോലും കഴിഞ്ഞിരിക്കയില്ല.

പാപം നിമിത്തം, യാഗങ്ങൾ അനിവാര്യമായിതീർന്നു. നിരപരാധികളായ ആടുകളെ കൊല്ലുവാൻ ആദാമിന്റെ കയ്യിലെ കത്തി ഉയരുമ്പോൾ ആദാമിന്റെ മനസിൽ പിടയുന്ന വേദന അവൾ കാണുന്നു. ആ ആടിന്റെ കടും ചുവപ്പുള്ള, ചൂടുള്ള രക്തം കഴുത്തിൽ നിന്ന് ഒഴുകിയപ്പോൾ ഉണ്ടായ ചൂടിനേക്കാൾ ഹവ്വയുടെ കണ്ണിൽ നിന്ന് വീഴുന്ന കണ്ണുനീരിന് ചൂടു കൂടിയിരുന്നിരിക്കണം. അവളുടെ തേങ്ങലും കരച്ചിലും എല്ലാം അവളിൽ തന്റെ തെറ്റായ പ്രവൃത്തിയെ അവൾ വെളിപ്പെടുത്തി. ഞാൻ ഇതു ചെയ്തുപോയല്ലോ എന്ന ആത്മഗതം പ്രപഞ്ചത്തിൽ മുഴങ്ങിയിരിക്കണം.

ആദാം ആദ്യം രോഗിയായി തീർന്നപ്പോൾ അവളുടെ ഹൃദയത്തിൽ ഭയം നിഴലിട്ടുകാണും. ആദാമിന്റെ വേദനയെ അവൾ എങ്ങനെ വീക്ഷിച്ചുകാണും? അവൾക്കു അവനെ എങ്ങനെ ശുശ്രൂഷിപ്പാനും ആശ്വസിപ്പിപ്പാനും കഴിഞ്ഞിരിക്കും? അവളുടെ ഭർത്താവിനു സമീപം ഇരുന്നു ഓരോ ദിവസവും അവൾ എത്ര മാത്രം ദൈവത്തോടു അപേക്ഷിച്ചുകാണും? അവന്റെ വേദന ശമിക്കുവാനും ആരോഗ്യം പുനഃസ്ഥാപിച്ചു കിട്ടുവനും അവൾ നിരന്ത

രമായി ദൈവത്തോട് ആവശ്യപ്പെട്ടു കാണില്ലേ? അവൾ അപ്പോൾ എന്തു മാത്രം വേദനയും ദുഃഖവും അനുഭവിച്ചുകാണും? എന്റെ പ്രാണ പ്രിയനു ഞാനാണല്ലോ ഇതു വരുത്തിയതു എന്നോർത്തു അവളുടെ ഹൃദയം ഉരുകിയിരിക്കണം. അവളെ ആശ്വസിപ്പിപ്പാൻ ദൈവമല്ലാതെ മറ്റാരുമില്ലല്ലോ.

ആദാമിന്നും ഹവ്വയ്ക്കും മക്കൾ ജനിച്ചു. കയ്യീനും ഹാബേലും യുവാക്കളായി തീർന്നു. കയ്യീനു തന്റെ സ്വന്തം സഹോദരനോടു അസൂയ തോന്നിയിരിക്കും, ശത്രുതാമനോഭാവത്തിലുള്ള അവന്റെ ഓരോ സംസാരവും അവളുടെ ഹൃദയത്തെ മുറിപ്പെടുത്തിക്കൊണ്ടിരുന്നു. "ഞാൻ ഇതു ചെയ്തല്ലോ" എന്ന കുറ്റാരോപണം അവളെ എപ്പോഴും മഥിച്ചിരുന്നു. സഹോദരനായ ഹാബേലിനെ വയലിലേക്കുകൊണ്ടു പോയി അവിടെ വെച്ച് അവനോടു കയർത്തു ദാരുണമായി കൊന്നു. ഹാബേലിന്റെ രക്തം യാതൊരുതെറ്റും ചെയ്യാതെ ചിന്തപ്പെട്ടപ്പോൾ അവർക്കുണ്ടായ ദുഃഖത്തിന്റെ കൈപ്പ് ഊഹിക്കാവുന്നതേയുള്ളു. അവൾ അത്യുച്ചത്തിൽ ദൈവത്തോടു കരഞ്ഞിരിക്കും. ദൈവമേ ഈ പാപം ഞാനാണല്ലോ ലോകത്തിലേക്ക് കൊണ്ടു വന്നതു. ആദ്യമായി മരണം ആ മകനിൽ അവർ സ്നേഹിച്ച മകനിൽ വന്നപ്പോൾ ദൈവത്തെ ശ്രദ്ധിക്കാതെ സാത്താനെ ശ്രദ്ധിച്ചതുകൊണ്ടാണല്ലോ ഞാൻ അതു ചെയ്തതു എന്നവൾ തിരിച്ചറിഞ്ഞു കാണും.

ഇല്ല, ഹവ്വയെ ഞാൻ കാണുമ്പോൾ അവളെ കുറ്റപ്പെടുത്തുന്ന ഒരു വാക്കുപോലും ഉച്ചരിക്കയില്ല. അവൾ ചെയ്ത പാപത്തിന്റെ ഫലമായ നാശത്തെ അവൾ കാണുമ്പോഴെല്ലാം അവൾ സ്വയമായി അവളെ എത്രത്തോളം കുറ്റപ്പെടുത്തിയിരിക്കും, അത്രയും ദുഃഖം പോരെ? ഇനി ഞാനായിട്ട് അവളെ വീണ്ടും വൃണപ്പെടുത്തേണ്ട ആവശ്യമില്ല.

എന്നാൽ ഹവ്വ അനുസരണക്കേട് പ്രവർത്തിച്ചില്ലായിരുന്നുവെങ്കിൽ മറ്റാരെങ്കിലും അതു തിരഞ്ഞെടുക്കും. അങ്ങനെ പാപം ചെയ്യുവാനുള്ള വാതിൽ തുറന്നുകിട്ടുകയും ആളുകൾ ലംഘനത്തിലേക്കു തിരിയുകയും ചെയ്യും. തുടർന്നു അതു പരന്നു ലോകം മുഴുവൻ വ്യാപരിക്കും. അതിന്റെ ഫലവും തിക്തമായ ഫലവും പൊങ്ങിവരും. ചിലർ തെറ്റായി പഠിപ്പിക്കുന്നതു, ആദ്യപാപത്തിന്റെ കുറ്റം എല്ലാ

വരിലേക്കും എല്ലാകാലത്തും വരുന്നു എന്നാണ്. പക്ഷെ അതു ശരിയല്ല. ഓരോരുത്തൻ വ്യക്തിപരമായി ചെയ്യുന്നതിന്റെ കുറ്റമേ ഓരോരുത്തരിലും വരുന്നുള്ളു. ഹവ്വ അനുഭവിച്ചതുപോലെ വ്യക്തിപരമായി ചെയ്യുന്ന ആകൃത്യങ്ങളുടെ നേരിട്ടും അന്തിമവുമായ ഫലങ്ങൾ നാമും അനുഭവിക്കുകയാണ്.

തെറ്റായ തീരുമാനങ്ങൾ എടുക്കുന്നതിന്റെ ഫലമായിട്ടാണ് നാം പാപം ചെയ്യുന്നതു. നമ്മൾ എത്രവർഷം ജീവിക്കുന്നുവോ അത്രയും വർഷം പാപത്തിന്റെ ഫലം അനുഭവിക്കും. അതിനുശേഷവും അതിന്റെ അവസാനഫലം അനുഭവിക്കുന്നു. നാം സത്യസന്ധരാണെങ്കിൽ നമ്മുടെ ജീവിതത്തിൽ, നമ്മുടെ കുട്ടികളുടെ ജീവിതത്തിൽ എന്തു മാത്രം പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. അപ്പോഴെല്ലാം നാം എത്രമാത്രം ദുഃഖാകുലരായിതീർന്നിട്ടുണ്ട്. “ദൈവവഴി ഞാൻ അന്വേഷിക്കാതിരുന്നതുകൊണ്ടാണ് ഞാൻ അങ്ങനെ ചെയ്തതു”. “മറ്റെന്തിനേക്കാളും ദൈവത്തെ കൂടുതൽ സ്നേഹിപ്പാൻ ഞാൻ പഠിപ്പിക്കാതിരുന്നത് കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്.” ഈ പ്രശ്നം ഈ രീതിയിൽ വളർന്നതു തെറ്റായ തെരെഞ്ഞെടുപ്പ് ഞാൻ നടത്തിയതുകൊണ്ടാണ്.

നമുക്ക് ഹവ്വയിലേക്കു നോക്കുമ്പോൾ, ഏദൻ തോട്ടത്തിൽ അവർക്കു പാപം ചെയ്യാതിരിക്കാമായിരുന്നു; ലോകത്തിനു ഇത്രയും ഭയങ്കരമായ അവസ്ഥയും ദുരിതവും നല്കാതെ ഇരിക്കാമായിരുന്നു എന്നു നമുക്കു വ്യക്തമായി ചിന്തിക്കാം. പക്ഷെ നമ്മുടെ വ്യകതിപരമായ ജീവിതത്തിലേക്ക് ഉറ്റുനോക്കി നമുക്ക് തെറ്റുകൾ ചെയ്യാതെ ജീവിക്കാമായിരുന്നില്ലേ എന്നു ചിന്തിച്ചുനോക്കു. യാഥാർത്ഥ്യത്തിന്റെ നിറം അപ്പോൾ സുവ്യക്തമായി നമുക്കു കാണാം.

✶

# ബിലെയാമിന്റെ തെറ്റ്

**ആർ.ജോണി**

ബൈബിളിൽ അസാധാരണ സ്വഭാവമുള്ള ഒരാളായിട്ടേ നമുക്കു ബിലെയാമിനെ കാണാൻ പറ്റു. സംഖ്യാപുസ്തകത്തിൽ പ്രതിപാദി

ച്ചിരിക്കുകയാണ്. യൂദാ വിവരിക്കുമ്പോൾ, എന്തു കാരണം 6 കാണ്ടാണ് അവൻ അതു ചെയ്തതു എന്നു തെളിച്ചു പറയുന്നുണ്ട്. കൂലി കൊതിച്ചാണ് ആ തെറ്റ് അവൻ പ്രവർത്തിക്കുന്നതു. അത്യാഗ്രഹം ആണ് അവനെക്കൊണ്ട് അത് ചെയ്യിച്ചതു എന്നു സാരം. അവന്റെ നല്ല സ്വഭാവ ഗുണങ്ങളെല്ലാം തന്നെ മങ്ങിപ്പോകുവാൻ കാരണം, അവൻ കാംഷിച്ചതു ഉയർച്ചയും പ്രസിദ്ധിയും, പ്രചാരവും, പണവുമായിരുന്നു. അവൻ ഒരു പ്രശ്നക്കാരനായിരുന്നു എന്ന് യോശുവ രേഖപ്പെടുത്തിയിരിക്കുന്നു (യോശുവ 13:22). തന്റെ സാമ്പത്തിക നേട്ടങ്ങൾക്കുവേണ്ടി അവന്റെ പ്രവചന പാടവം ഉപയോഗപ്പെടുത്തി എന്നു പറയാം.

അവന്റെ മറ്റൊരു രസകരമായ സ്വഭാവത്തെ പത്രൊസ് വിവരിക്കുന്നുണ്ട്. "അവൻ അനീതിയുടെ കൂലികൊതിച്ചു എങ്കിലും തന്റെ അകൃത്യത്തിനു ശാസന കിട്ടി; ഉരിയാടാക്കഴുത മനുഷ്യവാക്കായി ഉരിയാടി പ്രവാചകന്റെ ബുദ്ധിഭ്രമത്തെ തടുത്തുവല്ലൊ (2പത്രൊസ് 2:16). ദ്രവ്യാഗ്രഹം അനേക നൂറ്റാണ്ടുകളിലായി എണ്ണമറ്റ പ്രശ്നങ്ങൾ സമൂഹത്തിൽ വരുത്തിവെച്ചിട്ടുണ്ട്. അതിന്റെ പ്രധാനപ്പെട്ട തെളിവാണ് ബിലയാം (1തിമൊഥെ. 6:10). ബിലയാം ബാലാക്കിന്റെ ഭൃത്യന്മാരോടു ബാലാക്ക് തന്റെ ഗൃഹം നിറെച്ചു വെള്ളിയും പൊന്നും എനിക്കുതന്നാലും എന്റെ ദൈവത്തിന്റെ കല്പന ലംഘിച്ചു ഏറെയോ കുറെയോ ചെയ്വാൻ എനിക്കു കഴിയുന്നതല്ല" എന്നു പറയുന്നു (സംഖ്യാ. 22:18). അവനെ പരീക്ഷിച്ചതു വാസ്തവത്തിൽ എന്തായിരുന്നു എന്നു ഇതിൽ നിന്നു സ്പഷ്ടമായല്ലോ.

ഉല്പത്തി പുസ്തകം 49-ാം അദ്ധ്യായം 4-ാം വാകൃത്തിൽ യാക്കൊബ് പറയുന്നതു ബിലെയാമിനു ബാധകമാകുന്നു. "വെള്ളം പോലെ തുളുമ്പുന്നവനേ നീ ശ്രേഷ്ടനാകയില്ല" പ്രസിദ്ധിയും പൊന്നും പദവിയുമെല്ലാം തന്നേ ശൂന്യമായ കുമിളകൾ പോലെയാണ്. അതിന്റെ തിളക്കം നശിപ്പിക്കുന്ന പ്രശ്നങ്ങൾ പതിയിരിക്കുന്നു എന്ന സൂചനയാണ് നല്കുന്നതു.

ബാലാക്ക് രാജാവുമായി വിട്ടുവീഴ്ച്ച ചെയ്തതിന്റെ ഫലമായി ബിലയാമിന്റെ മനസാക്ഷി ഇസ്രായേലിനെ വിഗ്രഹങ്ങളിലേക്കു തിരിച്ചുവിട്ടു അവരെ വൃണപ്പെടുത്തി. ഈ സംഭവം അവരെ അന്യദേവന്മാരെ വണങ്ങുവാനും ദൈവത്തിൽ നിന്നു അകന്നുപോകുവാനും

അധാർമ്മികത്വത്തിലേക്കും തിരിയുവാനുമിടയാക്കി (സംഖ്യാ. 31). സത്യത്തിനുവേണ്ടി നിൽക്കുമ്പോൾ പ്രസിദ്ധിക്കും പദവിക്കും വേണ്ടി ഇളകിപോയാൽ, ചിലപ്പോൾ സാമ്പത്തികമായ ഭദ്രതക്കു വേണ്ടിയായാൽ പോലും, നമ്മുടെ സമ്പാദ്യം തെറ്റായ ദിശയിൽ കൂടി ആയിരിക്കും. സാത്താൻ വളരെ തന്ത്രശാലിയാണ്. നമ്മുടെ ബലഹീനതയെ ചൂഷണം ചെയ്യാൻ ഉറ്റിരിക്കയാണവൻ, അവസാനം സംഭവിക്കുന്നതെന്തെന്ന് പൗലോസ് രേഖപ്പെടുത്തിയിരിക്കുന്നു. "ചിലർ നല്ല മനസ്സാക്ഷി തള്ളിക്കളഞ്ഞിട്ട് അവരുടെ വിശ്വാസകപ്പൽ തകർന്നുപോയി". ഹുമനയൊസും അലെക്സന്തരും ഈ കൂട്ടത്തിൽ ഉള്ളവർ ആകുന്നു. അവർ ദൂഷണം പറയാതിരിപ്പാൻ പഠിക്കേണ്ടതിനു ഞാൻ അവരെ സാത്താനെ ഏല്പിച്ചിരിക്കുന്നു (1തിമൊഥെയോസ് 1:19-20). അവൻ ദ്രവ്യാഗ്രഹത്തിൽ കൗശലവാക്കു പറഞ്ഞു നിങ്ങളെ വാണിഭം ആക്കും എന്നു പത്രൊസ് എഴുതിയിരിക്കുന്നു (2പത്രൊസ് 2:3). നേർ വഴി വിട്ടു പോകുന്നതിന്റെ കാരണം ആണ് അപ്പൊസ്തലർ പറഞ്ഞിരിക്കുന്നതു.

ഒരിക്കൽ നല്ല പ്രവാചകനായിരിക്കയും പിന്നീട് ദ്രവ്യാഗ്രഹം മൂലം അവന്റെ സ്വഭാവം വ്യതിചലിച്ചുപോകുകയും ചെയ്യുന്നു. അതുകൊണ്ട് യിസ്രായേലിനെ അപകടകരമായ നാശത്തിൽ കൊണ്ടു ചെന്നാക്കി. അവന്റെ സ്വാധീനം തെറ്റായ കാര്യങ്ങൾ ചെയ്യുവാൻ അവരെ പ്രേരിപ്പിച്ചു. പിന്നീട് ബിലെയാമിന്റെ ഉപദേശം നിമിത്തം ബാലാക്ക് യിസ്രായേലിനെ വിഗ്രഹാരാധനയിലേക്കും അധാർമ്മിക ജീവിതത്തിലേക്കും നയിച്ചതുപോലെ അന്യഉപദേശം സ്വീകരിച്ച പെർഗ്ഗമൊസ് സഭയെ കർത്താവ് മുന്നറിയിക്കുന്നുണ്ട്. അന്യഥാ ഉപദേശിക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണം എന്നു ദൈവം മുന്നറിയിച്ചിട്ടുണ്ടല്ലോ. കയ്യീൻ പിശാചിനെ പിന്തുടർന്നു തന്റെ സ്വന്തം സഹോദരനെ കൊല്ലുവാൻ തുനിഞ്ഞു. ബിലെയാം മരിച്ച് നൂറ്റാണ്ടുകൾക്കു ശേഷവും അതു മോശമായ മാതൃകയായി ഇന്നും നമ്മുടെ കൺമുമ്പിൽ തെളിഞ്ഞു നിൽക്കുകയാണ്. നാം അങ്ങനെ ജീവിക്കാതിരിപ്പാൻ കുറ്റരഹിതമായി ജീവിക്കുവാൻ ദൈവം തന്നിരിക്കുന്ന ഉപദേശമാണ് നാം സ്വീകരിക്കേണ്ടത്.

✶

# ക്രിസ്തുവിന്റെ ഉയിർപ്പ് നോക്കുക

## ഡില്ലാർഡ് തർമാൻ

തോട്ടത്തിലെ, യേശുവിന്റെ ശരീരം വെച്ചതായ കല്ലറ തുറന്നും ശൂന്യവുമായി കാണപ്പെട്ട വസ്തുത ബൈബിളിൽ എല്ലാഭാഗത്തും രേഖപ്പെടുത്തിയിരിക്കുന്ന സാക്ഷ്യം വളരെ അത്ഭുതം ഉളവാക്കുന്ന ഒന്നാണ്. സ്ത്രീകൾ കല്ലറക്കൽ കരഞ്ഞുകൊണ്ടു നില്ക്കുമ്പോൾ ദൂതൻ അവരോടു പറഞ്ഞതു ക്രിസ്ത്യാനിത്വത്തിന്റെ അതിപ്രാധാന്യവും ശക്തിയും ജീവനും ആണെന്നും തെളിയിക്കുന്നു. ആ സ്ത്രീകൾ ഭയപ്പെട്ടു മുഖം കുനിച്ചു നിൽക്കുമ്പോൾ അവൻ അവരോടു: നിങ്ങൾ ജീവനുള്ളവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്തു? അവൻ ഇവിടെ ഇല്ല; ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്ന് പറഞ്ഞു (ലൂക്കൊസ് 24:5,6). ഈ സംഭ്രമ ജനകമായ വാർത്ത സ്ഥിരീകരിച്ചുകൊണ്ട് ക്രിസ്തീയ സേവനത്തിന്റെ വാതിൽ തുറന്നിടുകയും തെളിയിക്കുകയും ചെയ്തു. അവൻ പിതാവിന്റെ അടുക്കലേക്കു സ്വർഗ്ഗാരോഹണം ചെയ്തു പോകുന്നതിനു മുൻപ് അവർക്കു പ്രത്യക്ഷനായി. യേശുക്രിസ്തുവിന്റെ ഉയിർപ്പിന്റെ മാഹാത്മ്യത്തെ അവഗണിച്ച്കൊണ്ട് മാസത്തിലൊരിക്കലോ, വർഷത്തിലൊരിക്കലോ നിസാരമായ മനുഷ്യനിർമ്മിതമായ ആഘോഷത്താലോ ഈസ്റ്റർ എന്ന പേരിലോ മറ്റും നടത്തുന്നതു എത്ര ഖേദകരമാണ്. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തു അത് ഓർമ്മിക്കുവാൻ നമ്മോട് പറഞ്ഞത് നാം അങ്ങനെ തന്നെ അനുസരിക്കണം(1കൊരിന്ത്യർ 11:23-28).

## തന്റെ ഉയിർപ്പ് യേശു മുന്നറിയിച്ചിരുന്നു

യേശു തന്റെ പരസ്യ ശുശ്രൂഷക്കിടയിൽ നിന്നുകൊണ്ട് തന്റെ ആസന്നമായ മരണത്തെ ജനത്തോട് അറിയിക്കയുണ്ടായി. മരിച്ച് മൂന്നാം നാൾ വിജയകരമായി ഉയർത്തെഴുന്നേൽക്കുമെന്നും അവൻ മുന്നറിയിച്ചിരുന്നു. യേശു യെഹൂദന്മാരോട്, ഈ മന്ദിരം പൊളിപ്പിൻ മൂന്നു ദിവസത്തിനുള്ളിൽ ഞാൻ അതിനെ പണിയും എന്ന്

പറഞ്ഞിരുന്നു. അവൻ ഉദ്ദേശിച്ചത് തന്റെ ശരീരമെന്ന മന്ദിരത്തെ കുറിച്ചായിരുന്നു. ഒരു അടയാളം ചെയ്തു കാണിക്കണമെന്ന് യെഹൂദന്മാർ യേശുവിനോട് ആവശ്യപ്പെട്ടപ്പോൾ കർത്താവ് പറഞ്ഞത്, ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു. യോനാ പ്രവാചകന്റെ അടയാളമല്ലാതെ അതിന് മറ്റൊരു അടയാളമില്ല. യോനാ കടലാനയുടെ വയറ്റിൽ മുന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിക്കുള്ളിൽ ആയിരിക്കും എന്നത്രെ അവൻ സൂചിപ്പിച്ചത്(മത്തായി 12:39, 40).

ക്രിസ്തു ജീവനോടിരിക്കുമ്പോൾ ഉയർത്തെഴുന്നേൽപിനെ കുറിച്ചുള്ള അവന്റെ ഉപദേശം യെഹൂദന്മാർക്കോ അവന്റെ ശിഷ്യന്മാർക്കോ ഉൾക്കൊള്ളുവാൻ കഴിഞ്ഞില്ല. അവരെ തികച്ചും അമ്പരപ്പിക്കുന്നതായിരുന്നു ആ ഉപദേശം. എന്നാൽ അവൻ ഉയർത്തെഴുന്നേറ്റു വന്നപ്പോൾ അവർ അവൻ പറഞ്ഞതെല്ലാം ഓർത്തു. അങ്ങനെ അവൻ പ്രവചിച്ചതെല്ലാം ഓരോന്നായി നിറവേറി. തന്റെ മരണത്തിന് മുൻപ് യേശു ശിഷ്യന്മാരെ വേറിട്ട് കൊണ്ടുപോയി, "ഇതാ നാം യെരുശലേമിലേക്കു പോകുന്നു, മനുഷ്യപുത്രനെ കുറിച്ച് പ്രവാചകന്മാർ എഴുതിയിരിക്കുന്നതെല്ലാം നിവർത്തിയാകും. അവനെ ജാതികൾക്ക് ഏൽപിച്ചുകൊടുക്കയും, അവർ അവനെ പരിഹസിച്ച്, അപമാനിച്ച്, തുപ്പി, തല്ലിയിട്ട് കൊല്ലുകയും, മൂന്നാം നാൾ അവൻ ഉയർത്തെഴുന്നേൽക്കയും ചെയ്യും എന്നു പറഞ്ഞു. അവർ ഇതൊന്നും ഗ്രഹിച്ചില്ല. ഈ വാക്ക് അവർക്ക് മറവായിരുന്നു. പറഞ്ഞത് അവർ തിരിച്ചറിഞ്ഞതുമില്ല(ലൂക്കൊസ് 18:32-34). ക്രിസ്തു പ്രവചിച്ചതുപോലെയുള്ള വ്യക്തിപരമായ പ്രവചനങ്ങൾ മറ്റാരും നടത്തുകയും നിറവേറപ്പെടുകയുമുണ്ടായിട്ടില്ല. അവൻ ക്രിസ്തു തന്നെയാണെന്ന് ഈ ഒരൊറ്റ പ്രവചനനിറവേറൽ കൊണ്ടു തെളിയിച്ചു. ആർക്കും നിഷേധിക്കാനാവാത്ത ഒന്നായിരുന്നു അത്.

## ഉയർപ്പിന്റെ സ്വാധീനമാറ്റം

പ്രഭാതത്തിൽ യേശുവിന്റെ കല്ലറ കാണ്മാൻ വന്ന സ്ത്രീകളുടെ ജീവിതം മാറി. യേശു ഉയർത്തെഴുന്നേറ്റു എന്ന് ദൂതൻ അവരോട് പ്രസ്താവിച്ചശേഷം, അവൻ മരിച്ചവരുടെ ഇടയിൽനിന്ന് ഉയർത്തെഴുന്നേറ്റു എന്ന് വേഗം ചെന്ന് അവന്റെ ശിഷ്യന്മാരോട് പറവിൻ,

അവൻ നിങ്ങൾക്ക് മുൻപേ ഗലീലക്ക് പോകുന്നു. അവിടെ നിങ്ങൾ അവനെ കാണും. ഞാൻ നിങ്ങളോട് പറഞ്ഞിരിക്കുന്നു എന്നു പറഞ്ഞു(മത്തായി 28:7). ഇത് ഉറപ്പിക്കുന്നതിന് യേശു അവരെ കണ്ടു പറയുന്നത്:"നിങ്ങൾക്ക് വന്ദനം എന്നു പറഞ്ഞു, അവർ അടുത്ത് ചെന്ന് അവന്റെ കാൽ പിടിച്ചു അവനെ നമസ്കരിച്ചു. യേശു അവരോട്, ഭയപ്പെടേണ്ട, നിങ്ങൾ പോയി എന്റെ സഹോദരന്മാരോട് ഗലീലക്ക് പോകുവാൻ പറവിൻ അവിടെ അവർ എന്നെ കാണും എന്നു പറഞ്ഞു(വാക്യം 10).

സ്ത്രീകളുടെ വാക്ക് ശിഷ്യന്മാർ കേട്ടപ്പോൾ അത് നിരർത്ഥകമെന്ന് കരുതി വിശ്വസിച്ചില്ല(ലൂക്കൊസ് 24:11). പിന്നെ പതിനൊന്നു ശിഷ്യന്മാരും ദൂരെ ഗലീലക്ക് പോയി. യേശു അവരോട് പറഞ്ഞതനുസരിച്ച് ഒരു മലയിലേക്ക് കയറിപ്പോയി. അവിടെവെച്ച് അവർ അവനെ കണ്ടപ്പോൾ അവനെ വന്ദിച്ചു, എന്നാൽ ചിലരോ സംശയിച്ചു(മത്തായി 28:16, 17). അവർ അതി സൂക്ഷ്മതയുള്ളവരെന്നു തോന്നുന്നുവെങ്കിൽ, അവരുടെ സ്ഥാനത്ത് നിങ്ങളായിരുന്നുവെങ്കിലോ എന്ന് ഒന്ന് ചിന്തിച്ചുനോക്കുക. മരിച്ചവരിൽനിന്ന് ആരെങ്കിലും സ്വയമായി അന്നുവരെ ഉയർത്തെഴുന്നേറ്റ് അവർക്കിടയിൽ നടന്നിട്ടില്ല. അങ്ങനെ ഉണ്ടായിരുന്നുവെങ്കിൽ തോമസ് സംശയിക്കുമായിരുന്നില്ല എന്നാണ് ഞാൻ വിശ്വസിക്കുന്നത്. എന്നാൽ എല്ലാവരുടെ സംശയങ്ങളും വേഗത്തിൽ അപ്രത്യക്ഷമായി.

ലൂക്കൊസ് അത് വിശദമായി വിവരിക്കുന്നുണ്ട്:"പരിശുദ്ധാത്മാവിനാൽ കൽപന കൊടുത്തിട്ട് ആരോഹണം ചെയ്ത നാൾവരെ അവൻ ചെയ്തും ഉപദേശിച്ചും തുടങ്ങിയ സകലത്തെയും കുറിച്ച് ആയിരുന്നല്ലോ. അവൻ കഷ്ടം അനുഭവിച്ചശേഷം നാൽപതു നാളോളം അവർക്ക് പ്രത്യക്ഷനായി ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞുകൊണ്ട് താൻ ജീവിച്ചിരിക്കുന്നു എന്ന് അനേകം ദൃഷ്ടാന്തങ്ങളാൽ അവർക്ക് കാണിച്ചുകൊടുത്തു(പ്രവൃത്തി 1:1-3).

## തന്റെ ഉയർപ്പിന്റെ ആത്മീയ ശക്തി

യേശുവിന്റെ ഉയർപ്പിൽ അടങ്ങിയിരിക്കുന്ന ആത്മീയശക്തി നാമൊരിക്കലും കുറച്ചു കാണരുത്. കാരണം അവിടെയാണ് അവന്റെ ദൈവികത്വത്തിന്റെ തെളിവ്. ഉയർത്തെഴുന്നേറ്റ ക്രിസ്തു തന്റെ ശിഷ്യ

ന്മാർക്ക് ചില ഉത്തരവാദിത്വങ്ങൾ ഏൽപിച്ചുകൊടുക്കുന്നുണ്ട്. "യേശു അടുത്തു ചെന്ന് സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കൽപിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ, ഞാനോ ലോകാവസാനത്തോളം നിങ്ങളോടുകൂടെ ഉണ്ട് എന്നരുളിച്ചെയ്തു"(മത്തായി 28:18-20).

വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടുമെന്നും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിലകപ്പെടുമെന്നും അവൻ പറഞ്ഞു(മർക്കൊസ് 16:16). യേശുവിനെ ക്രൂശിൽ തറച്ചാണ് കൊന്നത്. പക്ഷെ മൂന്നാം നാൾ അവൻ ജീവിച്ചിരിക്കുന്നു എന്ന് ബോധ്യപ്പെടുത്തി. അവനെ ദൈവം കർത്താവും ക്രിസ്തുവുമാക്കി വെച്ചിരിക്കുന്നു എന്നതായിരുന്നു പെന്തെകൊസ്തുനാളിലെ പത്രൊസിന്റെ പ്രസംഗം(പ്രവൃത്തി 2:22-24). ദാവീദിന്റെ പ്രവചനം പിന്നീട് ഉദ്ധരിക്കയുണ്ടായി:"നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല, നിന്റെ പരിശുദ്ധനെ ദ്രവത്വം കാണ്മാൻ സമ്മതിക്കയുമില്ല." ഞങ്ങൾ അതിന് സാക്ഷികളാണെന്ന് അപ്പൊസ്തലന്മാർ ദൃഢസ്വരത്തിൽ പറയുകയുണ്ടായി.

## ഉയർത്തെഴുന്നേൽപിനുശേഷം പൗലൊസിന്റെ ജീവിതം മാറി

പൗലൊസ് മുൻപ് ശൗലായിരുന്നു. അവൻ ക്രിസ്ത്യാനികളെ മുടിച്ചുവന്നവനായിരുന്നു. പൗലൊസ് ആയി ദൈവശ്വാസിയമായി അവൻ ഇപ്രകാരം എഴുതിയിരിക്കുന്നു:"ജഡം സംബന്ധിച്ച് ദാവീദിന്റെ സന്തതിയായി ജനിക്കയും മരിച്ചിട്ട് ഉയർത്തെഴുന്നേറ്റിരിക്കയാൽ, വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച് ദൈവപുത്രൻ എന്ന് ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കുന്നവനാലല്ലൊ ഞങ്ങൾ അവന്റെ നാമത്തിനായി സകല ജാതികളുടേയും ഇടയിൽ വിശ്വാസത്തിന് അനുസരണം വരുത്തേണ്ടതിന്ന് കൃപയും അപ്പൊസ്തലത്വവും പ്രാപിച്ചത്"(റോമർ 1:5). ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ അവസാനമായി കണ്ടത് പൗലൊസ് ആയിരുന്നു(പ്രവൃത്തി

കൾ 9:3-5). അകാലത്തിലായിരുന്നു പൗലൊസിനെ അപ്പൊസ്തല നായി കർത്താവ് തിരഞ്ഞെടുത്തത്. പൗലൊസ് തന്റെ എഴുത്തുക ളിലെല്ലാം ആർക്കും നിഷേധിക്കുവാൻ കഴിയാത്ത തെളിവുകളാണ് യേശുവിന്റെ ഉയർപ്പിന് അവൻ നൽകിയത്. ആ ഉയർത്തെഴുന്നേൽപു മായി ബന്ധപ്പെട്ടതാണ് സുവിശേഷമെന്നും സുവിശേഷത്താലാണ് ഓരോരുത്തരേയും ദൈവം വിളിക്കുന്നതെന്നും പൗലൊസ് വ്യക്ത മാക്കി. തനിക്ക് മുൻപുണ്ടായിരുന്നതെല്ലാം ചവറായി വലിച്ചെറിഞ്ഞു കൊണ്ടാണ് പൗലൊസ് മാറിയത്.

✶

# ആരാധനയുടെ അർത്ഥം

## ജെ.സി. ചോട്ട്

നമസ്ക്കാരം എന്ന വാക്കിന് ബൈബിളിൽ സേവിക്കുക എന്നാണ് അർത്ഥം. സ്തുതിക്കുക, ആദരരിക്കുക, മഹത്വപ്പെടുത്തു ക, ഭയപ്പെടുക. ആരാധിക്കപ്പെടേണ്ട ഏകനാണ് ദൈവം. അവൻ മാത്രമാണ് ആരാധനക്ക് യോഗ്യൻ. എന്നാൽ നമസ്ക്കാരത്തെ നമുക്ക് അല്പം അടുത്തു നോക്കാം.

### സേവിച്ചുകൊണ്ടുള്ള ആരാധന

ഇവിടെ സേവനം എന്ന വാക്കിന്, ശുശ്രൂഷിക്കുക, അനുസരി ക്കുക, പ്രവർത്തിക്കുക, ആരാധിക്കുക എന്നെല്ലാം അർത്ഥമുണ്ട്. പൗലൊസ് തന്നെ ഒരു ദാസനായിട്ടാണ് വീണ്ടും വീണ്ടും പറഞ്ഞി രിക്കുന്നത്. “വേർതിരിച്ചു വിളിക്കപ്പെട്ട അപ്പൊസ്തലനും യേശു ക്രിസ്തുവിന്റെ ദാസനുമായ പൗലൊസ്” എന്നാണ് പറഞ്ഞിരിക്കു ന്നത്(റോമർ 1:1). പത്രൊസും യാക്കൊബും അവരെ കുറിച്ച് അങ്ങ നെയാണ് പറഞ്ഞിരിക്കുന്നത്(2പത്രൊസ് 1:1; യാക്കൊബ് 1:1). അതി ലെല്ലാം അവർ അർത്ഥമാക്കിയത് എന്താണ്? നമ്മളും അപ്രകാരമാ യിരിക്കണം എന്നാണ് അത് സൂചിപ്പിക്കുന്നത്. അവർ ദൈവത്തെ സേവിക്കുന്നവരായിരുന്നു. നാമും കർത്താവിനെ സേവിക്കുന്നവ രാകണം. പൗലൊസ് പ്രബോധിപ്പിച്ചു, “ഇപ്പോൾ പാപത്തിൽനിന്ന് സ്വാതന്ത്ര്യം പ്രാപിച്ച് ദൈവത്തിന്ന് ദാസന്മാരായിരിക്കയാൽ

നിങ്ങൾക്ക് ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്തം നിത്യജീവനും ആകുന്നു"(റോമർ 6:22).

ഏതു തരത്തിലുള്ള സേവനമാണ് കർത്താവ് ആഗ്രഹിക്കുന്ന തെന്ന് അറിയുവാൻ നാം തിരുവെഴുത്തുകളെയാണ് പരിശോധി ക്കേണ്ടത്. "വളരെ താഴ്മയോടും കണ്ണുനീരോടുകൂടെ യെഹൂദ ന്മാരുടെ കൂട്ടുകെട്ടുകളാൽ എനിക്ക് ഉണ്ടായ കഷ്ടങ്ങളോടും കൂടെ കർത്താവിനെ സേവിച്ചുവന്നു(പ്രവൃത്തികൾ 20:19). "നിങ്ങളുടെ നന്മെക്ക് ദൂഷണം വരുത്തരുത്. ദൈവരാജ്യം ഭക്ഷണവും പാനിയ വുമല്ല, നീതിയും സമാധാനവും, പരിശുദ്ധാത്മാവിൽ സന്തോഷവു മത്രെ. അതിൽ ക്രിസ്തുവിനെ സേവിക്കുന്നവൻ ദൈവത്തെ പ്രസാ ദിപ്പിക്കുന്നവനും മനുഷ്യർക്ക് കൊള്ളാകുന്നവനും തന്നെ. ആക യാൽ നാം അന്യോന്യം സമാധാനത്തിനും ആത്മികവർദ്ധനവിനും ഉള്ളതിനു ശ്രമിച്ചുകൊൾക"(റോമർ 14:16-19). "ഉൽസാഹത്തിൽ മടു പ്പില്ലാതെ ആത്മാവിൽ എരിവോടെ കർത്താവിനെ സേവിപ്പിൻ"(റോ മർ 12:11).

നമ്മുടെ സേവനത്തെ കുറിച്ച് പൗലൊസ് എഴുതിയിരിക്കുന്നു, "ഞാൻ ദൈവത്തിന്റെ മനസലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പി ക്കുന്നത്, നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീര ങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗ മായി സമർപ്പിപ്പിൻ"(റോമർ 12:1). നാം ക്രിസ്തുവിന്റെ ദാസന്മാരെ പോലെ ദൈവേഷ്ടം മനസോടെ ചെയ്തും മനുഷ്യരെയല്ല കർത്താ വിനെ തന്നെ പ്രീതിയോടെ സേവിച്ചുകൊണ്ട് അനുസരിപ്പിൻ(എ ഫെസ്യർ 6:7). ഏഴ് സഭകൾക്ക് ദൂത് അയക്കുമ്പോൾ തുയഥൈര സഭയോട് കർത്താവ് പറഞ്ഞു, "ഞാൻ നിന്റെ പ്രവൃത്തിയും, നിന്റെ സ്നേഹം, വിശ്വാസം, ശുശ്രൂഷ, സഹിഷ്ണുത എന്നിവയും, നിന്റെ ഒടുവിലത്തെ പ്രവൃത്തി ആദ്യത്തേതിലും ഏറെ എന്നും അറിയുന്നു" (വെളിപ്പാട് 2:19).

നാം പലപ്പോഴും ആരാധനയെ കുറിച്ച് സംസാരിക്കുന്നുണ്ട്. നാം കർത്താവിനെ സേവിക്കുന്നതുകൊണ്ട് അത് ശരിയാണ്, മറ്റു പ്രവൃത്തികൾ നാം ദൈവത്തെ പ്രസാദിപ്പിക്കുന്നതിന് ചെയ്യുമ്പോൾ അതും ദൈവത്തിനു വേണ്ടി ചെയ്യുന്ന ശുശ്രൂഷയാണ്. ഞായറാഴ്ച്ച മാത്രമല്ല നാം ആരാധിക്കേണ്ടത്. നമ്മുടെ ജീവിതം മുഴുവൻ നാം

സമർപ്പിക്കുകയും സേവിക്കുകയും വേണം.

**അവനെ സ്തുതിച്ചുകൊണ്ട് നാം ദൈവത്തെ നമസ്ക്കരിക്കുന്നു**

പൗലൊസും ശീലാസും തടവിലായിരുന്നപ്പോൾ, രേഖ പറയുന്നു, " അർദ്ധരാത്രിക്ക് പൗലൊസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടി സ്തുതിച്ചു. തടവുകാർ ശ്രദ്ധിച്ചുകൊണ്ടിരുന്നു" (പ്രവൃത്തികൾ 16:25). തന്റെ ഹിതത്തിന്റെ ആലോചനപ്രകാരം സകലവും പ്രവർത്തിക്കുന്നവന്റെ നിർണ്ണയപ്രകാരം മുന്നിയമിക്കപ്പെട്ടത്, മുമ്പിൽകൂട്ടി ക്രിസ്തുവിൽ ആശ വെച്ചവരായ ഞങ്ങൾ അവന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്ക് ആകേണ്ടതിന്ന് തന്നെ എന്ന് അപ്പൊസ്തലനായ പൗലൊസ് വ്യക്തമാക്കിയിരിക്കുന്നു(എഫെസ്യർ 1:12)."അതുകൊണ്ടു അവൻ മുഖാന്തരം നാം ദൈവത്തിനു അവന്റെ നാമത്തെ ഏറ്റു പറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക (എബ്രായർ 13:15). അഴിഞ്ഞുപോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനെക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയതു എന്നു യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചക്കും തേജസ്സിനും മാനത്തിനുമായി കാണ്മാൻ അങ്ങനെ ഇടവരും(1പത്രൊസ് 1:7). ഒരുത്തൻ പ്രസംഗിക്കുന്നു എങ്കിൽ ദൈവത്തിന്റെ അരുളപ്പാട് പ്രസ്താവിക്കുന്നു എന്നപോലെയുംഒരുത്തൻ ശുശ്രൂഷിക്കുന്നു എങ്കിൽ ദൈവം നൽകുന്ന പ്രാപ്തിക്ക് ഒത്തവണ്ണവും ആകട്ടെ. എല്ലാറ്റിലും ദൈവം യേശുക്രിസ്തുമൂലം മഹത്വപ്പെടുവാൻ ഇടവരട്ടെ. മഹത്വവും ബലവും എന്നെന്നേക്കും അവനുള്ളതു, ആമേൻ (1പത്രൊസ് 4:11).

നമ്മുടെയെല്ലാം പ്രവൃത്തികളാലും, പറയുന്ന എല്ലാ വാക്കുകളാലും ദൈവത്തിനു പുകഴ്ച്ച കൊടുക്കേണം, പ്രത്യേകിച്ച് നാം ബൈബിൾ പഠനത്തിനും ആരാധനക്കുമായി കൂടിവരുമ്പോൾ. നമ്മുടെ സാന്നിധ്യത്താലും ഉദ്ദേശത്താലും ദൈവത്തിനു മഹത്വം കൊടുത്തുകൊണ്ട് വേണം അവനുമായി കൂട്ടായ്മ ആചരിക്കുവാൻ. താഴ്മയോടെ ഹൃദയത്തിൽ നിന്ന് പാടുകയും, വചനത്തിൽ നിന്ന് കേൾക്കുകയും, കർത്തൃമേശയിൽനിന്ന് പങ്കെടുക്കുകയും, നൽകുകയും ചെയ്യുമ്പോൾ ദൈവത്തിന് മഹത്വം കരേറ്റുകയാണ്.

✶

# വാർത്തകൾ

## ശുഭപ്രതീക്ഷയുടെ പുഞ്ചിരി

സ്വേച്ഛാതിപത്യത്തിന്റെ ഗദ്ദാഫിയുഗം രക്തരൂഷിതവിപ്ലവത്തെ തുടർന്ന് അവസാനിച്ചശേഷം ലിബിയയിൽ കാൽകുത്തുമ്പോൾ ആദ്യം പരിചയപ്പെട്ടത് മലയാളി ദമ്പതികളെയാണ്. സ്റ്റെല്ലയും ഭർത്താവ് ജേക്കബും,അവർ സ്ഥലം വിട്ടുപോകാനുള്ള ഒരുക്കത്തിലായിരുന്നു.

★

## നഗരസഭാ പദ്ധതി

അടുത്ത വർഷം മുതൽ നഗരം പ്ലാസ്റ്റിക് രഹിതമാക്കാനുള്ള പദ്ധതികൾക്കു രൂപം നൽകാൻ നഗരസഭാതീരുമാനം. വികേന്ദ്രീകൃത മാലിന്യസംസ്കരണ പദ്ധതികളെക്കുറിച്ചു കൗൺസിലർമാരെ ബോധവൽക്കരിക്കാൻ ചേർന്ന യോഗത്തിലാണ് തീരുമാനം.

★

## ബാങ്കോക്ക് വൻ പ്രളയഭീഷണിയിൽ

തായ്‌ലാൻഡ് തലസ്ഥാനമായ ബാങ്കോക്കിൽ വെള്ളപ്പൊക്ക ഭീഷണി. വെള്ളം വളരെ അധികം ഉയർന്നിരിക്കുന്ന സ്ഥലങ്ങളിൽ നിന്ന് ഒഴിഞ്ഞു പോകണമെന്ന് അധികൃതർ ജനങ്ങളോടു അറിയിച്ചു.

★

## സ്കോളർഷിപ്പിന് അപേക്ഷിക്കാം

കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയം കോളേജ് വിദ്യാഭ്യാസ വകുപ്പ് വഴി നൽകുന്ന 2011-2012ലേക്കുള്ള സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു.

★

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

## കൂടംകുളം

കൂടുകുളം ആണവനിലയത്തിനെതിരെയുള്ള സമരം, വൈദ്യുതി പ്രതിസന്ധിയിൽ വീർപ്പുമുട്ടുന്ന കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ കൂടുതൽ ദുരിതത്തിലാക്കുമെന്നു കേരള പവർ ബോർഡ് ഓഫീസേഴ്സ് ഫെഡറേഷൻ അഭിപ്രായപ്പെട്ടു.

✶

## മെഡിട്രിന ആശുപത്രി

ഇഎസ്ഐ ആനുകൂല്യം ഉള്ളവർക്കു ചികിൽസ ലഭ്യമാക്കാൻ ഇഎസ്ഐ കോർപറേഷനും പട്ടം പ്ലാമൂട്ടിലുള്ള മെഡിട്രിന മൾട്ടി സ്പെഷ്യാൽറ്റി ആശുപത്രിയുമായി ധാരണയായി.

✶

## ഡേറ്റാ എൻട്രി
## ഡിടിപി കോഴ്സ്

ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററിൽ മൂന്നു മാസം ദൈർഘ്യമുള്ള ഡേറ്റാ എൻട്രി/ ഡിടിപി കോഴിസിന് ഒഴിവുള്ള സീറ്റിലേക്ക് അപേക്ഷ ക്ഷണിച്ചു.

✶

## കള്ളനോട്ട് എത്തുന്നത്

കേരളത്തിൽ വ്യാപകമായി കള്ളനോട്ട് എത്തുന്നത് പാക്കിസ്ഥാനിൽ നിന്നു നേപ്പാൾ വഴിയെന്നു പൊലീസ്. നെയ്യാറ്റിൻകര കള്ളനോട്ടു കേസ് ദേശീയ അന്വേഷണ ഏജൻസിക്ക് ഉടൻ കൈമാറും.

✶

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S. Tvm on 23/24 November**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/09-11
Licensed to post without prepayment No. KL / TV (N) / WPP/40/2009 -11

*Join us to worship God in Spirit and Truth*
*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378